# ജില്ലാകോടതി പാലം; സമാന്തരമാർഗങ്ങൾ കണ്ടെത്താൻ നിർദേശിച്ച് എംപി

**ആലപ്പുഴ:** ജില്ലാകോടതി പാലം നിർമാണവുമായി ബന്ധപ്പെട്ട് യാത്രക്കാർ അനുഭവിക്കുന്ന ഗതാഗതക്കുരുക്കും ബുദ്ധിമുട്ടും പരിഹരിക്കുന്നതിന് കെ.സി. വേണുഗോപാൽ എംപിയുടെ നേതൃത്വത്തിൽ കളക്ടറേറ്റിൽ അടിയന്തര യോഗം ചേർന്നു. പാലം നിർമാണത്തിന്റെ ഭാഗമായി പുന്നമട റോഡ് വഴി ഗതാഗതം തിരിച്ചുവിടണമെന്ന പൊതുമരാമത്ത് വകുപ്പിന്റെയും നിർമാണ ഏജൻസിയുടെയും ആവശ്യം അംഗീകരിക്കാൻ സാധിക്കില്ലെന്ന് എംപി യോഗത്തിൽ പറഞ്ഞു.

റിംഗ് റോഡുകളുടെ സ്വഭാവം വരുന്നരീതിയിൽ നിലവിലുള്ള റോഡിന് സമാന്തരമായി പകരം മാർഗങ്ങൾ വികസിപ്പിക്കുന്നതു സംബന്ധിച്ച് ആലോചിക്കാൻ എംപി ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി.

ഇതിനായി ഉദ്യോഗസ്ഥരുടെ ഒരു സംഘത്തെ നിയോഗിച്ച് സമാന്തര റോഡുകൾ നിർദേശിക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി.

ഒൻപതു മാസം കൊണ്ട് പണി പൂർത്തിയാകുന്ന വിധം നിർമാണപ്രവൃത്തികൾ വേഗത്തിലാക്കാൻ നിർദേശം നൽകി.

ഭാരവാഹനങ്ങൾ നഗരത്തിലൂടെ കടത്തിവിടാതിരിക്കാനും ശ്രദ്ധിക്കണം. പരമാവധി യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ കുറയ്ക്കാൻ നിലവിലുള്ള സമാന്തര പാതകൾ വീതികൂട്ടുന്ന കാര്യവും പരിഗണിക്കണമെന്ന് എംപി യോഗത്തിൽ പറഞ്ഞു.

ജില്ലാ കളക്ടർ ഷാജി വി. നായർ, കെആർഎഫ്ബി എക്സിക്യൂട്ടീവ് എൻജിനിയർ, അസി. എക്സിക്യൂട്ടീവ് എൻജിനിയർ, പൊതുമരാമത്ത് റോഡ്സ് എക്സിക്യൂട്ടീവ് എൻജിനിയർ റിജോ തോമസ് മാത്യു എന്നിവർ പ്രസംഗിച്ചു.

## മാനേജരും കാഷ്യറും കുട്ടികൾ; വെള്ളംകുളങ്ങര സ്കൂളിൽ വിദ്യാ ബാങ്ക് റെഡി!

**ഹരിപ്പാട്:** കൈയിലുള്ള ചില്ലറത്തുട്ടുകൾ സുരക്ഷിതമായി നിക്ഷേപിക്കാൻ ഇനി കുട്ടികൾ വേറെ ബാങ്കുകളൊന്നും തെരഞ്ഞു പോകേണ്ടതില്ല. വെള്ളംകുളങ്ങര ഗവ. യുപി സ്കൂളിൽ ഇനി സ്വന്തമായി വിദ്യാ ബാങ്ക് പ്രവർത്തിക്കും. നിക്ഷേപിക്കാം, ആവശ്യാനുസരണം പിൻവലിക്കാം, ഒപ്പം പലിശയും ഉറപ്പ്.

വെള്ളംകുളങ്ങര ഗവ. യുപി സ്കൂളിലെ സോഷ്യൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ആരംഭിച്ച വിദ്യാ ബാങ്കിൽ കുട്ടികൾ ഇടപാടുകൾ നടത്തുന്നു.

മാനേജർ, ക്ലാർക്ക്, കാഷ്യർ തുടങ്ങി കൗണ്ടറിലിരിക്കുന്ന സകല ജീവനക്കാരും ഈ വിദ്യാലയത്തിലെ കൊച്ചുമിടുക്കർ തന്നെയാണ്. ആറാം ക്ലാസിലെ സാമൂഹിക ശാസ്ത്ര പാഠപുസ്തകത്തിലെ 'സ്വരുക്കൂട്ടാം, കരുതിവയ്ക്കാം' എന്ന അധ്യായത്തിന് ജീവൻ നൽകാനാണ് സ്കൂളിലെ സോഷ്യൽ സയൻസ് ക്ലബ് വേറിട്ട മാതൃകയൊരുക്കിയത്. അധ്യാപകനും ക്ലബ് കൺവീനറുമായ വി. രജനീഷിന്റെ നേതൃത്വത്തിൽ കുട്ടികൾ ഹരിപ്പാട്ടെ ഒരു ബാങ്ക് സന്ദർശിച്ച് പ്രവർത്തനരീതികൾ നേരിട്ടു മനസിലാക്കിയ ശേഷമാണ് സ്കൂളിലും ബാങ്ക് തുടങ്ങിയത്.

ഒരു ക്ലാസ് മുറി പൂർണമായും ബാങ്ക് ശാഖയുടെ മാതൃകയിലാണ് ഒരുക്കിയിരിക്കുന്നത്. രാവിലെ 9.15 മുതൽ 9.45 വരെയും ഉച്ചയ്ക്ക് 1.30 മുതൽ രണ്ടുവരെയുമാണ് ഇടപാടുകൾ നടക്കുക. കൃത്യമായ രജിസ്റ്ററുകളും രേഖകളും ഇവിടെ സൂക്ഷിക്കുന്നുണ്ട്.

### കെവൈസി നിർബന്ധം, പാസ്ബുക്കും റെഡി!

കുട്ടികൾക്കും അധ്യാപകർക്കും ഇവിടെ അക്കൗണ്ട് ആരംഭിക്കാം. ഇതിനായി തിരിച്ചറിയൽ രേഖയുടെ (ജനന സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ആധാർ കാർഡ്) പകർപ്പും ഫോട്ടോയും സഹിതം കൃത്യമായ കെവൈസി ഫോം പൂരിപ്പിച്ചു നൽകണം. അക്കൗണ്ട് ഉടമകൾക്ക് പാസ്ബുക്കും വിതരണം ചെയ്യുന്നുണ്ട്. പണമടയ്ക്കാനും പിൻവലിക്കാനും പ്രത്യേക ഫോമുകളും ക്രമീകരിച്ചിരിക്കുന്നു.

ഓരോ ക്ലാസുകൾക്കും ബാങ്കിംഗ് സേവനങ്ങൾക്കായി പ്രത്യേക ദിവസങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. കുട്ടികൾക്ക് പോക്കറ്റ് മണിയായി ലഭിക്കുന്ന തുകയാണ് ഇവിടെ സ്വരൂപിക്കുന്നത്. ആദ്യദിനം തന്നെ 15 പേർ അക്കൗണ്ട് തുറക്കുകയും 500 രൂപ നിക്ഷേപമായി ലഭിക്കുകയും ചെയ്തു. സാമൂഹികശാസ്ത്ര ക്ലബ്ബിന്റെ മേൽനോട്ടത്തിലാണ് നിക്ഷേപത്തുക സൂക്ഷിക്കുന്നതും അതിന് പലിശ നൽകുന്നതും.

അധ്യാപകർ, എസ്എംസി, എസ്ഡിസി എന്നിവരുടെ പൂർണ പിന്തുണയോടെയാണ് പ്രവർത്തനം.

വീയപുരം പഞ്ചായത്ത് പ്രസിഡന്റ് പി. ഓമന, ഹരിപ്പാട് എഇഒ സി. മധു എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ഹെഡ്മിസ്ട്രസ് പി.എസ്. സിന്ധുകുമാരി, അധ്യാപകർ, പിടിഎ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

തങ്കി സെന്റ് ജോർജ് ഹൈസ്കൂളിൽ ലഹരി വിരുദ്ധ ബോധവത്കരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച കൂട്ടയോട്ടം വത്തിക്കാൻ ബഹുമതിയായ ബേനേ മെരേന്തി ജേതാവും വ്യവസായ പ്രമുഖനുമായ കെ.എസ്. സാബു അത്തിപ്പൊഴി ഫ്ലാഗ് ഓഫ് ചെയ്യുന്നു.

## ലഹരിക്കെതിരേ കൂട്ടയോട്ടം

**ചേർത്തല:** തങ്കി സെന്റ് ജോർജ് ഹൈസ്കൂളിൽ ലഹരി വിരുദ്ധ ബോധവത്കരണത്തിന്റെ ഭാഗമായി കൂട്ടയോട്ടം സംഘടിപ്പിച്ചു. തൂഫാൻ ലഹരിവിരുദ്ധ പ്രവർത്തനങ്ങളോട് ചേർന്ന് നടത്തിയ പരിപാടി പഞ്ചായത്ത് പ്രസിഡന്റ് റാണി ജോർജ് ഉദ്ഘാടനം ചെയ്തു. വത്തിക്കാൻ ബഹുമതിയായ ബേനേ മെരേന്തി ജേതാവും വ്യവസായ പ്രമുഖനുമായ കെ.എസ്. സാബു അത്തിപ്പൊഴി ഫ്ലാഗ് ഓഫ് കർമം നിർവഹിച്ചു. പ്രഥമാധ്യാപിക കെ.ജെ. മിനി, അധ്യാപകരായ റൂഫസ്, അഗസ്റ്റിൻ ജസ്റ്റിൻ, ജോസ് സേവ്യർ, എ.ജി. തോമസ്, വി.ജെ. ജെൻസി, മാർട്ടിൻ എന്നിവർ പ്രസംഗിച്ചു.

## പി.കെ. കുര്യാക്കോസ് അനുസ്മരണം

**ചേർത്തല:** കോൺഗ്രസ് നേതാവ് പി.കെ. കുര്യാക്കോസിന്റെ 11-ാം ചരമവാർഷികം 21ന് നടക്കും. ചേർത്തല എൻഎസ്എസ് യൂണിയൻ ഹാളിൽ പകൽ മൂന്നിന് നടക്കുന്ന സമ്മേളനം മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും. ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ പ്രതിഭകളെ ആദരിക്കും. എ.ഡി. തോമസ് എംഎൽഎ അനുസ്മരണപ്രഭാഷണം നടത്തും. ഡിസിസി പ്രസിഡന്റ് ബി. ബാബുപ്രസാദ് മുഖ്യപ്രഭാഷണം നടത്തും. കോൺഗ്രസ് ചേർത്തല ബ്ലോക്ക് പ്രസിഡന്റ് കെ.സി. ആന്റണി അധ്യക്ഷത വഹിക്കും.

## തിരുനാൾ ഇന്ന്

**ആലപ്പുഴ:** പഴവങ്ങാടി മാർ സ്ലീവാ ഫൊറോന തീർഥാടനകേന്ദ്രത്തിൽ പ്രധാനതിരുനാൾ ഇന്ന്. രാവിലെ 6.30ന് വിശുദ്ധ കുർബാന. രാവിലെ 9.30ന് പ്രസുദേന്തിവാഴ്ച, മധ്യസ്ഥ പ്രാർഥന, ലദീഞ്ഞ്, തിരുനാൾറാസ- ഫാ. ജേക്കബ് കളത്തിവീട്ടിൽ, തിരുനാൾ സന്ദേശം- ഫാ. ജോർജ് കാളാശേരി, തിരുനാൾ പ്രദക്ഷിണം- ഫാ. യൗസേപ്പ് വേട്ടക്കോണം, തുടർന്ന് കൊടിയിറക്ക്, തിരുശേഷിപ്പ് വണക്കം, നേർച്ചഭക്ഷണം.

# വള്ളംകളി കണ്ട് മടങ്ങവേ ട്രെയിൻ തട്ടി രണ്ടുപേർ മരിച്ചു

**ഹരിപ്പാട്:** കരുവാറ്റ ലീഡിംഗ് ചാനലിൽ നടന്ന സിബിഎൽ വള്ളംകളി മത്സരം കണ്ടു മടങ്ങുകയായിരുന്ന രണ്ടുപേർ ട്രെയിൻ തട്ടി മരിച്ചു. തൃക്കുന്നപ്പുഴ പഞ്ചായത്ത് 14-ാം വാർഡിൽ പല്ലന പാനൂർ മുളക്കത്തറയിൽ പ്രകാശൻ (60), പല്ലന മഞ്ചാടിത്തറയിൽ സുരേഷ് (പൊടിയൻ - 49) എന്നിവരാണ് മരിച്ചത്. ഇന്നലെ രാത്രി ഏഴോടെ കരുവാറ്റ കുറിച്ചിക്കൽ പാലത്തിനു സമീപമുള്ള റെയിൽവേ ട്രാക്കിലായിരുന്നു അപകടം.

പ്രകാശൻ

സുരേഷ്

വള്ളംകളി കഴിഞ്ഞ് റെയിൽവേ ട്രാക്കിലൂടെ മടങ്ങുകയായിരുന്ന സുഹൃത്തുക്കളുടെ സംഘത്തിൽപ്പെട്ടവരാണ് ഇരുവരും. ഹരിപ്പാട്, ആലപ്പുഴ ഭാഗങ്ങളിൽനിന്ന് ഇരുപാളങ്ങളിലൂടെയും ഒരേസമയം ട്രെയിനുകൾ എത്തിയതോടെയാണ് അപകടമുണ്ടായത്. ഇരുവശത്തുനിന്നുമുള്ള ട്രെയിനുകളുടെ ശബ്ദം വേർതിരിച്ചു മനസിലാക്കാനാവാതെ ഇവർ ട്രാക്കിൽ കുടുങ്ങുകയായിരുന്നുവെന്നാണ് നിഗമനം.

മുന്നിൽ നടന്നുപോയ സുഹൃത്തുക്കൾ ട്രെയിനുകൾ കടന്നുപോയ ശേഷം തിരിഞ്ഞു നോക്കിയപ്പോൾ ഇവരെ കണ്ടില്ല. തുടർന്ന് സംശയം തോന്നി ട്രാക്കിലൂടെ തിരികെയെത്തി നടത്തിയ തിരച്ചിലിലാണ് അപകടവിവരം അറിയുന്നത്. സുരേഷിനെ ട്രാക്കിലും പ്രകാശനെ പാലത്തിന് താഴെ വീണ നിലയിലുമാണ് കണ്ടെത്തിയത്.

പ്രകാശൻ മത്സ്യവ്യാപാരിയും സുരേഷ് നിർമാണത്തൊഴിലാളിയുമാണ്. പ്രകാശന്റെ ഭാര്യ: വിജയമ്മ. മക്കൾ: പ്രവീൺ, പ്രജീഷ. സുരേഷിന്റെ ഭാര്യ: സുജ. മക്കൾ: കാർത്തിക്, കീർത്തന.

ഹരിപ്പാട് പൊലിസും റെയിൽവേ പൊലിസും സ്ഥലത്തെത്തി ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയാക്കി. മൃതദേഹങ്ങൾ ഹരിപ്പാട് താലൂക്ക് ആശുപത്രി മോർച്ചറിയിലേക്കു മാറ്റി.

## ഓണാട്ടുകര ഭാവന കാവ്യോത്സവം ഇന്ന്

**കായംകുളം:** ഓണാട്ടുകര ഭാവന കാവ്യവേദി വാർഷികവും അവാർഡ് ദാനവും ഇന്ന് ഉച്ചയ്ക്ക് രണ്ടിന് കായംകുളം കൃഷ്ണപുരം കേരള ലളിതകലാ അക്കാദമിയുടെ കാർട്ടൂൺ ശങ്കർ മ്യൂസിയത്തിൽ നടക്കും. പ്രസിഡന്റ് ജോൺസൺ ശൂരനാട് അധ്യക്ഷത വഹിക്കും. ശ്രീനാരായണ ഓപ്പൺ സർവകലാശാല അസോ. പ്രഫ. ഡോ. ദീപം ഉദ്ഘാടനം ചെയ്യും.

റാണി സൂസൻ ജോർജ്, ജയചന്ദ്രൻ തൊടിയൂർ, വരവിള ശ്രീനി, പ്രസന്നൻ വേളൂർ, കാവേരി ശ്രീനി എന്നിവർ പങ്കെടുക്കും. തുടർന്ന് ഓണാട്ടുകരയിലെ പ്രമുഖ കവികൾ പങ്കെടുക്കുന്ന കവിയരങ്ങ് നടക്കുമെന്ന് സംഘാടകർ അറിയിച്ചു.

കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ തണ്ണീർമുക്കം മണ്ഡലം വാർഷികസമ്മേളനം എ.ഡി. തോമസ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

## കടകൾ കുത്തിത്തുറന്ന് മോഷണം

**കറ്റാനം:** ഭരണിക്കാവ് ക്ഷേത്ര ജംഗ്ഷനും ആൽത്തറ ജംഗ്ഷനും ഇടയിൽ രണ്ടു കടകളിൽ മോഷണം. ബീനയുടെ ഉടമസ്ഥയിലുള്ള മഹാദേവ സ്റ്റോഴ്സ് പച്ചക്കറി സ്റ്റേഷനറി കടയിലും സമീപത്തെ മോൾബിയുടെ ജെപി തട്ടുകടയിലുമാണ് മോഷണം നടന്നത്. ഇരു കടകളിലെയും പൂട്ടുകൾ തകർത്തായിരുന്നു മോഷണം. പണം അപഹരിച്ച ശേഷം കടയിൽനിന്നും മോരും വെള്ളവും പെപ്സിയും എടുത്ത് കുടിച്ച് തട്ടുകടയിൽ കിടന്നുറങ്ങിയ ശേഷമാണ് മോഷ്ടാവ് രക്ഷപ്പെട്ടത്. കടയുടെ ഫ്യൂസ് ഊരി മാറ്റി വൈദ്യുതി വിച്ഛേദിച്ച ശേഷമായിരുന്നു മോഷണം. കുറത്തികാട് പൊലിസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

## വാർഷിക സമ്മേളനം

**ചേർത്തല:** കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ തണ്ണീർമുക്കം മണ്ഡലം വാർഷിക സമ്മേളനം എ.ഡി. തോമസ് എംഎൽഎ ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടറി സി.വി. ഗോപി മുഖ്യപ്രഭാഷണം നടത്തി. ജോസഫ് ആന്റണി അധ്യക്ഷത വഹിച്ചു.

സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം ബി. ഹരിഹരൻ നായർ, മണ്ഡലം സെക്രട്ടറി ഏബ്രഹാം ജോസഫ്, ഗോപി കണ്ണാട്ടുകരി, രാജീവൻ നമ്പൂതിരി, പി.ഒ. ചാക്കോ, ശ്രീദേവിയമ്മ, സി.എ. ഗ്രേസി, ഇ.കെ. കാർത്തികേയൻ, സി.എം. റഫീക്ക്, ജോസഫ് ആന്റണി, ടി.ടി. സാജു, ശശികല എന്നിവർ പ്രസംഗിച്ചു.

# കരുവാറ്റ ജലോത്സവം; അരോമ ചുണ്ടൻ ജേതാവ്

**ഹരിപ്പാട്:** ലീഡിംഗ് ചാനലിലെ ഇരുകരകളെയും ത്രസിപ്പിച്ച ആവേശപ്പോരാട്ടത്തിനൊടുവിൽ ചാമ്പ്യൻസ് ബോട്ട് ലീഗ് (സിബിഎൽ-സീസൺ 6) കരുവാറ്റ ജലമേളയിൽ കൊല്ലം പരവൂർ അരോമ ബോട്ട് ക്ലബ് തുഴഞ്ഞ അരോമ ചുണ്ടൻ ജേതാക്കളായി. വാശിയേറിയ ഫൈനൽ മത്സരത്തിൽ മൂന്ന് മിനിറ്റ് 26.15 സെക്കൻഡിൽ ഫിനിഷ് ചെയ്താണ് അരോമ ചുണ്ടൻ ഒന്നാമതെത്തിയത്. പള്ളാത്തുരുത്തി ബോട്ട് ക്ലബിന്റെ മേൽപ്പാടം ചുണ്ടൻ തൊട്ടുപിന്നിൽ രണ്ടാമതെത്തി. നിരണം ബോട്ട് ക്ലബ് തുഴഞ്ഞ നിരണം ചുണ്ടനാണ് മൂന്നാം സ്ഥാനം.

ചാമ്പ്യൻസ് ബോട്ട് ലീഗ് ഉദ്ഘാടനച്ചടങ്ങിൽ മന്ത്രി രമേശ് ചെന്നിത്തല, മന്ത്രി പി.സി. വിഷ്ണുനാഥ് എന്നിവർ വള്ളംകളി വീക്ഷിക്കുന്നു.

മത്സരങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനം മന്ത്രി രമേശ് ചെന്നിത്തല നിർവഹിച്ചു. മന്ത്രി പി.സി. വിഷ്ണുനാഥ് അധ്യക്ഷത വഹിച്ചു. മന്ത്രി എം. ലിജു ആമുഖ പ്രഭാഷണം നടത്തി.

മാസ്ഡ്രിൽ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.കെ. നാഥൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്തംഗം ജോൺ തോമസ് പതാക ഉയർത്തി. കരുവാറ്റ പഞ്ചായത്ത് പ്രസിഡന്റ് ശ്രീലേഖ മനു, ജില്ലാ പഞ്ചായത്തംഗം അഡ്വ. അനില രാജു, ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ അഡ്വ. എം.എം. അനസ് അലി, കുമാരി ലക്ഷ്മി ശിവൻ തുടങ്ങിയവർ പ്രസംഗിച്ചു.

വ്യവസായവകുപ്പിനു കീഴിലെ കൊല്ലം കോഫറേറ്റീവ് സ്പിന്നിംഗ് മിൽ എംഡിയായി നിയമിതനായ അഡ്വ. ഷാഹുൽ ഹമീദ്.

## കൈനടി പള്ളിയിൽ തിരുനാൾ

**മങ്കൊമ്പ്:** കൈനടി വ്യാകുലമാതാ പള്ളിയിൽ പരിശുദ്ധ വ്യാകുലമാതാവിന്റെ തിരുനാൾ 24 മുതൽ 27 വരെ നടക്കും. പ്രാരംഭ ദിനമായ 24ന് വൈകുന്നേരം 4.30ന് ജപമാല, സെമിത്തേരി സന്ദർശനം, കൊടിയേറ്റ്, ലദീഞ്ഞ് വികാരി ഫാ. തോമസ് കമ്പിയിൽ. വിശുദ്ധ കുർബാന, പ്രസംഗം തുടർന്ന് പരിശുദ്ധ കുർബാനയുടെ പ്രദക്ഷിണം. 25ന് രാവിലെ ഏഴിന് ഇലക്തോരൻമാരെ വാഴിക്കൽ, വിശുദ്ധ കുർബാന, സന്ദേശം. 26ന് വൈകുന്നേരം 4.30ന് വിശുദ്ധ കുർബാന, സന്ദേശം, പട്ടണപ്രദക്ഷിണം, ലദീഞ്ഞ്, തുടർന്ന് കപ്ലോൻ വികാരിയെ വാഴിക്കൽ. ആകാശവിസ്മയം.

പ്രധാന തിരുനാൾ ദിനമായ 27ന് രാവിലെ ആറിന് സപ്ര, വിശുദ്ധ കുർബാന, തിരുസ്വരൂപം പ്രതിഷ്ഠിക്കൽ, 9.30ന് ഖുഥാ, വിശുദ്ധ കുർബാന, പ്രസംഗം റവ.ഡോ. ജോബി മൂലയിൽ, ഫാ. കെ.ഡി. ജോസഫ് കൊച്ചുപറമ്പിൽ. തിരുനാൾ സന്ദേശം ഫാ. മാത്യു മൂന്നാറ്റുമുഖം, തിരുനാൾ പ്രദക്ഷിണം, ഫാ. മൈക്കിൾ പറുശേരി, കൊടിയിറക്ക്.

## പള്ളിപ്പാട്ട് വൻ പടക്കശേഖരം പിടികൂടി; യുവാവ് അറസ്റ്റിൽ

**ഹരിപ്പാട്:** ലൈസൻസോ സുരക്ഷാ മാനദണ്ഡങ്ങളോ പാലിക്കാതെ വീട്ടിൽ വിൽപനയ്ക്കായി സൂക്ഷിച്ചിരുന്ന വൻ പടക്കശേഖരം പൊലിസ് പിടിച്ചെടുത്തു. സംഭവവുമായി ബന്ധപ്പെട്ട് പള്ളിപ്പാട് തെക്കുംമുറി നാടാലയ്ക്കൽ നിഷാദിനെ (25) ഹരിപ്പാട് പൊലിസ് അറസ്റ്റ് ചെയ്തു. ലഹരിമരുന്ന് പരിശോധനയുടെ ഭാഗമായി എത്തിയ കരീലക്കുളങ്ങര പൊലിസിന് ലഭിച്ച രഹസ്യവിവരത്തെത്തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് പടക്കശേഖരം കണ്ടെത്തിയത്.

ഹരിപ്പാട് പൊലിസെത്തി പരിശോധന നടത്തുകയായിരുന്നു. ചാപ്രായിൽ ജംഗ്ഷന് സമീപമുള്ള പ്രതിയുടെ വീടിന്റെ ഹാളിലും മൂന്നു കിടപ്പുമുറികളിലുമായി സൂക്ഷിച്ചിരുന്ന കമ്പിത്തിരി, കൊരവപ്പൂവ്, ചക്രം, കളർ സ്മോക്ക്, റോയൽ സ്റ്റാഗ് പടക്കങ്ങൾ ഉൾപ്പെടെയുള്ള സ്ഫോടക വസ്തുക്കളാണ് പിടിച്ചെടുത്തത്. ഉത്സവങ്ങൾ മുന്നിൽക്കണ്ട് അനധികൃത വിൽപനയ്ക്കായി എത്തിച്ചതാണ് ഇവയെന്ന് പൊലിസ് പറഞ്ഞു. ഹരിപ്പാട് എസ്ഐ വി. ഉദയകുമാർ, ഗ്രേഡ് എഎസ്ഐ ഷിഹാബ്, സിപിഒമാരായ അഭിജിത്ത്, അമൽ, രഞ്ജു എന്നിവരടങ്ങുന്ന സംഘമാണ് പരിശോധന നടത്തിയത്.

## മാസങ്ങളായി ഒളിവിലായിരുന്ന പോക്സോ കേസ് പ്രതി പിടിയിൽ



**ആലപ്പുഴ:** മാസങ്ങളായി ഒളിവിലായിരുന്ന പോക്സോ കേസ് പ്രതിയെ പോലീസ് അറസ്റ്റ് ചെയ്തു. മുല്ലയ്ക്കൽ തയ്യിൽ ഗോപാലകൃഷ്ണ നായിക്കിനെയാണ് (51) സൗത്ത് പൊലിസ് ചാലക്കുടിയിൽനിന്ന് പിടികൂടിയത്. ഫോൺ ഉപയോഗിക്കാതെ മാസങ്ങളായി തിരുപ്പതി, കോയമ്പത്തൂർ, ഊട്ടി എന്നിവിടങ്ങളിൽ ഒളിവിൽ കഴിയുകയായിരുന്നു ഇയാൾ. പ്രതി ചാലക്കുടിയിൽ എത്തിയെന്ന രഹസ്യവിവരത്തെ തുടർന്ന് പൊലിസ് നടത്തിയ നീക്കമാണ് അറസ്റ്റിന് വഴിയൊരുക്കിയത്. സൗത്ത് ഇൻസ്പെക്ടർ സൈജുവിന്റെ നേതൃത്വത്തിൽ എസ്ഐ സുനിൽരാജ്, സിപിഒമാരായ വിപിൻദാസ്, ആർ. ശ്യാം, ബിനോയ് ജോർജ്, പ്രീതി എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.

**പരസ്യം**

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ പുലിയൂർ വില്ലേജിൽ അഞ്ചുതെങ്ങിൽ നിഖിൽകുമാർ എ. ആർ ന്റെയും ടിയാന്റെ ഭാര്യ ടിയിൽ ഹരിത എച്ച് എന്നിവർ പേർക്ക് ചെങ്ങന്നൂർ എസ്. ആർ. ഒ. യിലെ 2026 ലെ ഒന്നാം പുസ്തകം 714-ാം വാല്യം 205 മുതൽ 216 വരെ വശങ്ങളിൽ 514-ാം നമ്പർ ധനനിശ്ചയാധാര പ്രകാരം റീസർവ്വേ 254/9 ൽപ്പെട്ട 3 ആർ 80 ചതുരശ്രമീറ്റർ വസ്തു 10649-ാം നമ്പർ തണ്ടപ്പേരും പടി സിദ്ധിച്ച് ടിയാളുകൾ കൈവശം വച്ച് അനുഭവിച്ചു വരുന്നതാണ്. ടി വസ്തുവിന്റെ മുന്നാധാരമായ ചെങ്ങന്നൂർ എസ്. ആർ.ഒയിലെ1969 ലെ ഒന്നാം പുസ്തകം 52-ാം വാല്യം 329 മുതൽ 330 വരെ വശങ്ങളിൽ 1569-ാം നമ്പർ ദാനാധാരത്തിന്റെ അസൽ നഷ്ടപ്പെട്ടു പോയിട്ടുള്ളതാകുന്നു. ടി ആധാരത്തിന്റെ അടയാള സഹിതം പകർപ്പ് അസൽ ആയി പരിഗണിച്ച് വായ്പ അനുവദിക്കുന്നതിലേക്ക് ടിയാൻ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പുലിയൂർ ശാഖയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാകുന്നു. ആകയാൽ ടി വസ്തുവിനെ സംബന്ധിച്ച് ആർക്കെങ്കിലും എന്തെങ്കിലും അവകാശ ബാധ്യതകളോ തടസ്സങ്ങളോ ഉള്ള പക്ഷം ആയത് ഈ പരസ്യ തീയതി മുതൽ 10 ദിവസത്തിനകം ബാങ്കിന്റെ ടി ശാഖയിൽ രേഖാമൂലം അറിയിച്ച് രസീത് വാങ്ങേണ്ടതും അല്ലാത്തപക്ഷം ടി വസ്തുവിൽ സ്ഥാപിച്ച് യാതൊരു ബാധ്യതകളും തർക്കവുമില്ലെന്നു കണ്ട തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
പുലിയൂർ ബ്രാഞ്ച്

K2609-603030

# സഹകരണ സ്ഥാപനങ്ങൾ സാധാരണക്കാരുടെ അഭയകേന്ദ്രം: മന്ത്രി എം. ലിജു

**കായംകുളം:** സാധാരണക്കാരുടെ അഭയ കേന്ദ്രങ്ങളാണ് സഹകരണ സ്ഥാപനങ്ങളെന്നും അവയുടെ കാലോചിതമായ പരിഷ്കാരത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും സഹകരണ മന്ത്രി എം. ലിജു. കായംകുളത്ത് 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച കാർത്തികപ്പള്ളി താലൂക്ക് തല ആശ്വാസ് സഹകരണ അദാലത്തിൽ പങ്കെടുത്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

കുടിശിക നടപടി നേരിടുന്ന ആയിരക്കണക്കിന് കുടുംബങ്ങൾക്ക് ആശ്വാസ് അദാലത്ത് സഹായകരമായി മാറിയെന്നും അർഹരായവർക്ക് ഇളവുകൾ നൽകാൻ കഴിഞ്ഞെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കാർത്തികപ്പള്ളി താലൂക്ക് സഹകരണ യൂണിയൻ ചെയർമാൻ എസ്. നസീം, സഹകരണ സംഘം ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) വി.എസ്. ലളിതാംബികദേവി, കാർത്തികപ്പള്ളി സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ആർ.എൻ. ഷിബു കുമാർ, കാർത്തികപ്പള്ളി സഹകരണസംഘം ഓഡിറ്റ് ഡയറക്ടർ എസ്. കവിത തുടങ്ങിയവർ പങ്കെടുത്തു.

## ലോറിയിടിച്ച് ബൈക്ക് യാത്രികൻ മരിച്ചു

**ചേർത്തല:** ദേശീയപാതയിൽ ലോറിയും ബൈക്കും കൂട്ടിയിടിച്ച് ബൈക്ക് യാത്രക്കാരനായ ഗൃഹനാഥൻ മരിച്ചു. ചേർത്തല നഗരസഭ 23 -ാം വാർഡ് പുത്തേഴത്തുചിറ ശിവപ്രസാദ് (50) ആണ് മരിച്ചത്. ദേശീയപാത മായിത്തറയിൽ ഇന്നലെ രാത്രി 7.30 നാണ് അപകടം.


ശിവപ്രസാദ്

സ്വകാര്യ കമ്പനിയിലെ മാർക്കറ്റിംഗ് ജോലിക്കാരനായ ശിവപ്രസാദ് ജോലി കഴിഞ്ഞ് വീട്ടിലേക്ക് വരുന്നവഴി മായിത്തറയിൽവച്ച് ലോറിയും ബൈക്കും കൂട്ടിയിച്ചാണ് അപകടമെന്ന് പൊലീസ് പറഞ്ഞു.

റോഡിൽ തെറിച്ചുവീണ ശിവപ്രസാദിനെ മറ്റ് വാഹന യാത്രക്കാർ ചേർത്തല താലൂക്ക് ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല. ഭാര്യ: സരിത. മക്കൾ: നന്ദു, നവനീത്, നവനീത. മരുമകൾ: രേഷ്മ.

**മാങ്കാംകുഴി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 206**
**മാങ്കാംകുഴി പി.ഒ, മാവേലിക്കര, ആലപ്പുഴ ജില്ല, പിൻ: 690558**

**വാർഷിക പൊതുയോഗ നോട്ടീസ്**

മാന്യ സഹകാരികളെ,
ബാങ്കിന്റെ വാർഷിക പൊതുയോഗം 2026 ഒക്ടോബർ 7 ബുധനാഴ്ച രാവിലെ 10.30ന് ബാങ്ക് ഹാളിൽവച്ച് പ്രസിഡന്റ് ശ്രീ എൻ. ഗോപാലകൃഷ്ണക്കുറുപ്പ് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുവാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ എല്ലാ ബാങ്ക് അംഗങ്ങളും കൃത്യസമയത്ത് പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡയറക്ടർ ബോർഡിനുവേണ്ടി ആജ്ഞാനുസരണം
മാങ്കാംകുഴി
19.09.2026
സൗമ്യ നാരായണൻ
സെക്രട്ടറി

**കാര്യപരിപാടികൾ**

1. ഈശ്വരപ്രാർഥന, 2. അനുശോചനം, 3. സ്വാഗതം, 4. പൊതുയോഗ നോട്ടീസ് വായിച്ചു റെക്കോർഡ് ചെയ്യുക, 5. ഉപക്രമം, 6. 2025-26 വർഷത്തെ പ്രവർത്തന റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും കണക്കും ചർച്ചയും ന്യൂനത പരിഹരണവും, 7. ബൈലാ ഭേദഗതി, 8. 2027-28 വർഷത്തെ ബഡ്ജറ്റ്, 2025-26 വർഷത്തെ സപ്ലിമെന്ററി ബഡ്ജറ്റ്, 9. 1986-87, 1987-88 വർഷങ്ങളിലെ ചെലവുകൾക്കുള്ള അംഗീകാരം, 10. ഭരണസമിതി തയാറാക്കിയ സംഘത്തിന്റെ അടുത്ത വർഷത്തേക്കുള്ള പ്രവർത്തന പരിപാടികൾ അംഗീകരിക്കുക, 11. മുൻ സാമ്പത്തികവർഷം സംഘത്തിലെ ഭരണസമിതി അംഗങ്ങളും സംഘം ജീവനക്കാരും അവരുടെ കുടുംബാംഗങ്ങളും സംഘത്തിലേക്ക് കുടിശിക ആക്കിയ എല്ലാ ബാധ്യതകളെയും സംബന്ധിച്ച വിശദമായ ലിസ്റ്റിന്റെ പരിഗണന, 12. ബാങ്കിൽ കമ്പ്യൂട്ടറൈസേഷൻ പൂർണമായി നടപ്പിലാക്കുന്നതിന് ബാങ്കിൽ നിലവിലുള്ള സോഫ്റ്റ്‌വെയർ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള അംഗീകാരം, 13. ചോദ്യങ്ങളും പ്രമേയങ്ങളും, 14. അദ്ധ്യക്ഷൻ അനുവദിക്കുന്ന ഇതരവിഷയങ്ങൾ, 15. ഉപസംഹാരം, 16. കൃതജ്ഞത.

N.B: ചോദ്യങ്ങളും പ്രമേയങ്ങളും ഒക്ടോബർ 5ന് വൈകിട്ട് 5 മണിക്ക് മുമ്പായി ബാങ്കിൽ ലഭിച്ചിരിക്കേണ്ടതാണ്.

K2609- 603026

ഓണാട്ടുകര ഭാവന കാവ്യവേദി
കാവ്യോത്സവം 2026
6-ാമത് വാർഷികവും അവാർഡ് ദാനവും
2026 സെപ്റ്റംബർ 20 ഞായറാഴ്ച ഉച്ചയ്ക്ക് 2.00 മുതൽ
കേരള ലളിതകലാ അക്കാദമിയുടെ കാർട്ടൂൺ ശങ്കർ മ്യൂസിയം കൃഷ്ണപുരം-മുക്കട
ഉദ്ഘാടനം: ഡോ. ദീപം. എസ്
(അസിസ്റ്റന്റ് പ്രൊഫസർ, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി, കൊല്ലം)
അധ്യക്ഷൻ: ജോൺസൺ ശൂരനാട്
(ഓണാട്ടുകര ഭാവന കാവ്യവേദി പ്രസിഡന്റ്)
K2609-603057

പഞ്ചാബ് നാഷണൽ ബാങ്ക് punjab national bank ...the name you can BANK upon!

**എ. ആർ. എം. ബി, എറണാകുളം**, 1-ാം നില, 40/1461, മാർക്കറ്റ് റോഡ്, എറണാകുളം - 682011, Ph: 0484-2350477, Email: cs4459@pnb.bank.in

**സ്ഥാവര വസ്തുക്കളുടെ വിൽപന നോട്ടീസ്**

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ന്റെ പ്രൊവിഷൻ റൂൾ 9(1) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ-ലേല വിൽപന നോട്ടീസ്. താഴെ പറയുന്ന വായ്പക്കാർ/പണയക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ / ചാർജ്ജുള്ളതുമായ വസ്തുക്കൾ ബാങ്കിന്റെ/സെക്യൂർഡ് ക്രഡിറ്ററുടെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ക്രിയാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ "എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ" എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചുകൊള്ളുന്നു. ലേല തീയതിയും കുടിശ്ശിക തുകയുടെയും വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

**ഇ-ലേല തീയതിയും സമയവും: 06.10.2026ന് ഉച്ചയ്ക്ക് 12.00 മണി മുതൽ 2.00 മണി വരെ**

| ക്രമ നം. | ശാഖയുടെ പേര്/ അക്കൗണ്ടിന്റെ പേര് /വായ്പക്കാർ/ ജാമ്യക്കാരുടെ പേരും വിലാസവും | വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ) | എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി ബി) കുടിശ്ശിക തുക, സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി, ഡി) കൈവശമെടുത്ത രീതി, പ്രതീകാത്മകമായി/പ്രത്യക്ഷമായി/ക്രിയാത്മകമായി. | (എ) കരുതൽ വില (ബി) നിരതദ്രവ്യം: (സി) ലേല വർദ്ധന തുക: | സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാധ്യതയുടെ വിശദാംശങ്ങൾ |
|---|---|---|---|---|---|
| 1 | PNB, ARMB, എറണാകുളം (1) ശ്രീ. അഹമ്മദ് ഷാനവാസ്. കെ S/o. ഉമ്മർ, കുറുക്കൻ ഹൗസ്, വെളിയഞ്ചേരി പോസ്റ്റ് എടപ്പറ്റ, മലപ്പുറം-679326. (2) ശ്രീമതി സനമോൾ കുറുക്കൻ ഹൗസ്, വെളിയഞ്ചേരി പോസ്റ്റ് എടപ്പറ്റ, മലപ്പുറം-679326. | ആലപ്പുഴ ജില്ല, കുട്ടനാട് താലൂക്ക്, കൈനകരി വില്ലേജിൽ ബ്ലോക്ക് നം. 9, റീ സർവ്വേ നം. 56/4, സർവ്വേ നം. 269/1A2, 1B, 1C ൽ പെട്ട 12.13 ആർ, കൂടാതെ ആലപ്പുഴ ജില്ല, കുട്ടനാട് താലൂക്ക്, കൈനകരി വില്ലേജിൽ ബ്ലോക്ക് നം. 9, റീ സർവ്വേ നം. 56/4-3, സർവ്വേ നം. 269/1A2,269/1B, 269/1C ൽ പെട്ട 12.37 ആർ ആകെ 24.50 ആർ സ്ഥലവും വസ്തുവിന്റെ പടിഞ്ഞാറു വശത്തുള്ള നടവഴിയുടെ അവകാശവും മറ്റ് സമാന അവകാശങ്ങൾ എന്നിവയ്ക്കൊപ്പം, അഹമ്മദ് ഷാനവാസ്. കെ യുടെ ഉടമസ്ഥതയിലും കൈവശത്തിലുമുള്ള നെടുമുടി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന താമസയോഗ്യമായ രണ്ട് കെട്ടിടങ്ങളും, നം. 3/350, 3/350A, 3/350B എല്ലാ ഫിറ്റിംഗുകളും, ഫിക്സ്ചറുകളും, അവകാശങ്ങളും സകലവിധ കുഴിക്കൂർ ചമയങ്ങളും കൂടിയാകുന്നു. അതിരുകൾ: വടക്ക്: അപ്പച്ചൻകുട്ടി വക വസ്തു; തെക്ക്: തോമസ് വക വസ്തു; കിഴക്ക്: പൊതു റോഡും പമ്പാനദിയും; പടിഞ്ഞാറ്: ജോ ജോസഫ് വക വസ്തുവും സ്വകാര്യ വഴിയും. | (എ) 13(2) - 03.10.2024 (ബി) 31.08.2026ലെ രൂപ 3,19,20,892.34 (മൂന്ന് കോടി പത്തൊൻപത് ലക്ഷത്തി ഇരുപതിനായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ മുപ്പത്തി നാല് പൈസ)യും 01.09.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) കൈവശമെടുത്ത തീയതി: 16.12.2024 (ഡി) ക്രിയാത്മക കൈവശം | (എ) രൂപ 1,23,63,000/- (ബി) രൂപ 12,36,300/- (സി) രൂപ 1,00,000/- | അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അറിവിൽ ബാധ്യതകളില്ല |

**ഇ-ലേല തീയതിയും സമയവും: 06.10.2026 ന് ഉച്ചയ്ക്ക് 12.00 മണി മുതൽ 2.00 മണി വരെ**

നിരതദ്രവ്യം സമർപ്പിക്കാനുള്ള അവസാന തീയതി: 03.10.2026 | വസ്തു പരിശോധന: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടുകൂടി 05.10.2026

വ്യവസ്ഥകളും നിബന്ധനകളും: (1). വിൽപന, 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിൽ പ്രതിപാദിക്കപ്പെട്ട നിബന്ധനകൾക്കും താഴെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായിരിക്കും. (2). വസ്തുക്കൾ "എവിടെയാണോ" "എങ്ങിനെയാണോ" "ഏതൊക്കെയാണോ" എന്ന അടിസ്ഥാനത്തിൽ ആയിരിക്കും വിൽപന. (3). അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽപ്പെട്ടിടത്തോളം പട്ടികയിൽ പറഞ്ഞിട്ടുള്ള ഈട് വസ്തുക്കളുടെ പൂർണ്ണവിവരം നൽകിയിട്ടുള്ളതാണ്. എന്നാൽ വസ്തുവിലുള്ള പിശക്, തെറ്റായ പ്രസ്താവന അല്ലെങ്കിൽ ഒഴിവാക്കൽ വല്ലതും ഉണ്ടെങ്കിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല. (4). അധികാരപ്പെട്ട ഉദ്യോഗസ്ഥന് സ്വീകരിക്കാൻ പറ്റാത്ത ബിഡ്ഡുകൾ സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരമുണ്ടായിരിക്കുന്നതാണ്. ലേലം നീട്ടി വെയ്ക്കുന്നതിനോ /റദ്ദു ചെയ്യുന്നതിനോ /മാറ്റി വെയ്ക്കുന്നതിനോ വിൽപനയുടെ വ്യവസ്ഥകളിലും നിബന്ധനകളിലും മാറ്റം വരുത്തുന്നതിനും മുൻകൂട്ടിയുള്ള അറിയിപ്പോ കാരണമോ ഒന്നും കൂടാതെ തന്നെ എപ്പോൾ വേണമെങ്കിലും അധികാരപ്പെട്ട ഉദ്യോഗസ്ഥന് അധികാരമുണ്ട്. അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ തീരുമാനം അന്തിമമായിരിക്കും. (5). കരുതൽ വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വസ്തു വിൽക്കുന്നതല്ല. (6). ലേല വിൽപന https://Baanknet.com എന്ന ഇ-ലേല പ്ലാറ്റ്ഫോം മുഖാന്തിരം 06.10.2026ന് ഉച്ചയ്ക്ക് 12.00 മണി മുതൽ 02.00 മണി വരെയായിരിക്കും. (7). ലേല വിൽപനയുടെ വ്യവസ്ഥകളും നിബന്ധനകളും കൂടുതൽ അറിയുന്നതിനായി https://Baanknet.com & www.pnb.bank.in എന്നീ വെബ് സൈറ്റുകൾ സന്ദർശിക്കുക.

തീയതി: 17-09-2026, സ്ഥലം: എറണാകുളം
(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷണൽ ബാങ്ക്, എ.ആർ.എം.ബി., എറണാകുളം

E2609-603085